**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3197** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഒഴിഞ്ഞു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ താൽക്കാലിക കളിസ്ഥലങ്ങൾ ആക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കളിസ്ഥലങ്ങളുടെ അഭാവം മൂലം നാട്ടിലെ യുവതീയുവാക്കൾക്ക് കായികക്ഷമത നഷ്ടപ്പെടുകയും മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുന്നതുമായിട്ടുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് ഒഴിഞ്ഞു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങൾ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (എ) | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് സർക്കാർ ഫണ്ട് ഉപയോഗിച്ച് താൽകാലിക കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് അഭികാമ്യമല്ലായെന്ന് കാണുന്നു. |
| (ബി) | മേൽപ്പറഞ്ഞ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്ക് കൂടി പ്രാപ്യമായ രീതിയിൽ കളി സ്ഥലങ്ങൾ ക്രമീകരിക്കുവാൻ മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് സർക്കാർ ഫണ്ട് ഉപയോഗിച്ച് താൽകാലിക കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് അഭികാമ്യമല്ലായെന്ന് കാണുന്നു. |
| (സി) | കലാ കായിക സാഹിത്യ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗീയതയിലേക്കും ലഹരിയിലേക്കും എത്തിപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയും കായിക പ്രവർത്തങ്ങളിൽ ഏർപ്പെടുത്തുന്നതിന് വേണ്ടിയും കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് 1400 ക്ലബ്ബുകൾക്ക് 10000/- രൂപ വീതം ധനസഹായം നൽകുന്നതിനായി ആകെ 1,40,00,000/- രൂപ കായിക വികസന നിധിയിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി കായിക വികസന നിധി ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സ്പോർട്സ് ക്ലബ്ബുകൾ അതാത് തദ്ദേശ സ്വയംഭരണ സ്പോർട്സ് കൗൺസിലുകളിൽ രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യാവുന്നതും, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും ആഭിമുഖ്യത്തിൽ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ ടി ക്ലബ്ബുകളിലെ അംഗങ്ങളെ ഉൾപ്പെടുത്താറുണ്ട്. എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിൽ ജില്ലാ സ്പോർട്സ് കൗൺസിലുകൾ ജില്ലാ കായിക അസ്സോസിയേഷനുകളുടെയും, വിവിധ ക്ലബ്ബുകളുടെയും സഹകരണത്തോടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വച്ച് സമ്മർ കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കായിക വകുപ്പ്, പോലീസ്, എൻ.സി.സി., പൊതു വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ കാസർഗോഡ് നിന്നും ആരംഭിച്ച് 14 ജില്ലകളിലും സഞ്ചരിച്ച് മലപ്പുറത്ത് സമാപിച്ച കിക്ക് ഡ്രഗ്സ് ലഹരി വിരുദ്ധ പ്രചരണ പരിപാടിയിൽ ജില്ലാ അടിസ്ഥാനത്തിൽ ക്ലബ്ബുകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കിയിരുന്നു. |
| (ഡി) | ഇത്തരം യുവജനങ്ങളെ പൊതുധാരയിലേക്ക് കൊണ്ടു വരുന്നതിന് വേണ്ടി നാട്ടിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയും കായിക പ്രവർത്തങ്ങളിൽ ഏർപ്പെടുത്തുന്നതിന് വേണ്ടിയും കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് 1400 ക്ലബുകൾക്ക് 10000/- രൂപ വീതം ധനസഹായം നൽകുന്നതിനായി ആകെ 1,40,00,000/- രൂപ കായിക വികസന നിധിയിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി കായിക വികസന നിധി ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സ്പോർട്സ് ക്ലബ്ബുകൾ അതാത് തദ്ദേശ സ്വയംഭരണ സ്പോർട്സ് കൗൺസിലുകളിൽ രജിസ്റ്റർ ചെയ്യാവുന്നതും, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും ആഭിമുഖ്യത്തിൽ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ ടി ക്ലബ്ബുകളിലെ അംഗങ്ങളെ ഉൾപ്പെടുത്താറുണ്ട്. എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിൽ ജില്ലാ സ്പോർട്സ് കൗൺസിലുകൾ ജില്ലാ കായിക അസ്സോസിയേഷനുകളുടെയും, വിവിധ ക്ലബ്ബുകളുടെയും സഹകരണത്തോടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വച്ച് സമ്മർ കോച്ചിംഗ് |

| | | | |
|---|---|---|---|
| | | | ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കായിക വകുപ്പ്, പോലീസ്, എൻ.സി.സി., പൊതു വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ കാസർഗോഡ് നിന്നും ആരംഭിച്ച് 14 ജില്ലകളിലും സഞ്ചരിച്ച് മലപ്പുറത്ത് സമാപിച്ച കിക്ക് ഡ്രഗ്സ് ലഹരി വിരുദ്ധ പ്രചരണ പരിപാടിയിൽ ജില്ലാ അടിസ്ഥാനത്തിൽ ക്ലബ്ബുകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ